**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിന്റെ പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എത്ര കിലോമീറ്റർ റോഡുകൾ ഗതാഗതയോഗ്യമല്ലാതാക്കിയിട്ടുള്ളതെന്നത് വിശദമാക്കുമോ; അവ പുനസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലായി മൊത്തം 56,813.17 കിലോമീറ്റർ റോഡുകൾ കുഴിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിൽ 38,204 കിലോമീറ്റർ ടാർ റോഡുകളും 18,609.17 കിലോമീറ്റർ കോൺക്രീറ്റ്/ ബീം ഭാഗങ്ങളും ഉൾപ്പെടുന്നു. ഇതിനകം 31,079.17 കിലോമീറ്റർ റോഡ് പുനസ്ഥാപനം പൂർത്തിയായിട്ടുണ്ട്. അതിൽ 12,670 കിലോമീറ്റർ ടാർ റോഡും 18,409.17 കിലോമീറ്റർ കോൺക്രീറ്റ്/ ബീം ഭാഗവും ഉൾപ്പെടുന്നു. ഇതോടെ ഇനി 25,534 കിലോമീറ്റർ ടാർ റോഡ് പുനസ്ഥാപനം നടത്താനുള്ളത് ശേഷിക്കുന്നു.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലവിതരണ പദ്ധതികൾക്കായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനസ്ഥാപനം ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്ത മാക്കിയിട്ടുണ്ട്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണ മെന്ന് അഭ്യർത്ഥിച്ച കൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കായി ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ജൽ ജീവൻ മിഷൻ ഫണ്ടിലെ ലഭ്യതക്കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ വാട്ടർ അതോറിറ്റി വെട്ടിപൊളിച്ച റോഡുകൾ നാളിതുവരെയും ഗതാഗത യോഗ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത നിർവഹണ ഏജൻസികളിലൊന്നാണ് വാട്ടർ അതോറിറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായാണ് റോഡുകൾ കുഴിച്ചിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ജൽ ജീവൻ മിഷൻ ഫണ്ടിലെ ലഭ്യതക്കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട് . |
| (സി) | ഇതിൽ എത്ര കിലോമീറ്റർ റോഡുകളാണ് ജലവകുപ്പ് നേരിട്ട് പുനരുദ്ധരിച്ചത്; വിശദാംശങ്ങൾ നൽകാമോ; | (സി) | ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലായി മൊത്തം 56,813.17 കിലോമീറ്റർ റോഡുകൾ കുഴിച്ചിട്ടുണ്ട്. ഇതിൽ 38,204 കിലോമീറ്റർ ടാർ റോഡുകളും 18,609.17 കിലോമീറ്റർ കോൺക്രീറ്റ്/ബീം ഭാഗങ്ങളും ഉൾപ്പെടുന്നു. ഇതിനകം 31,079.17 കിലോമീറ്റർ റോഡ് പുനസ്ഥാപനം പൂർത്തിയായിട്ടുണ്ട്. അതിൽ 12,670 കിലോമീറ്റർ ടാർ റോഡും 18,409.17 കിലോമീറ്റർ കോൺക്രീറ്റ്/ബീം ഭാഗവും ഉൾപ്പെടുന്നു. ഇനി 25,534 കിലോമീറ്റർ ടാർ റോഡ് പുനസ്ഥാപനം നടത്താനുണ്ട്.<br><br>ഇതിൽ KWA കരാർ ചെയ്ത് നടപ്പിലാക്കി വരുന്നത് 9,041 കിലോമീറ്റർ, 1,065.03 കോടി രൂപ ചെലവിലാണ്. കൂടാതെ, ഇനി അറേഞ്ച് ചെയ്യേണ്ട പ്രവർത്തികൾ (JJM ൽ ഭരണാനുമതി ലഭ്യമായത്) 13,055 കിലോമീറ്റർ, 1,537.88 കോടി രൂപ ചെലവ് വരും. |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ എത്ര രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത് വരെ നൽകിയതെന്നും ഇതിനായി എത്ര കോടി രൂപയാണ് അവർ ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കാമോ; | (ഡി) | ജൽ ജീവൻ മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി.<br><br>പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ജൽജീവൻ മിഷൻ ഫണ്ടിലെ ലഭ്യത കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നേരിട്ട് പ്രവൃത്തികൾ നടത്തുവാൻ തയ്യാറാവുന്ന സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭിച്ച തുക ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. |
| (ഇ) | ഇനി എത്ര കോടി രൂപ ഈ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ട്; വ്യക്തമാക്കുമോ; | (ഇ) | ജൽ ജീവൻ മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി.<br><br>പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ജൽജീവൻ മിഷൻ ഫണ്ടിലെ ലഭ്യത കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നേരിട്ട് പ്രവൃത്തികൾ നടത്തുവാൻ തയ്യാറാവുന്ന സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭിച്ച തുക ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. |
| (എഫ്) | മതിയായ ഫണ്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ കുത്തിപ്പൊളിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ കഴിയുന്നില്ലയെന്ന വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എഫ്) | ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പുകൾ സ്ഥാപിച്ച റോഡുകൾ താത്കാലികമായി പുനരുദ്ധാരണം നടത്തി സഞ്ചാര യോഗ്യമാക്കുന്നുണ്ട്.<br><br>റോഡ് പുനഃരുദ്ധാരണത്തിന് ഭരണാനുമതിയിൽ തുക വകയിരുത്തിയിട്ടുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനോടൊപ്പം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. കൂടാതെ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് താത്കാലികമായി റോഡ് ഗതാഗത യോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ജി) | ചെറിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ജെ.സി.ബി. ഉപയോഗിച്ച് റോഡുകൾ കുത്തിപൊളിച്ചതുകൊണ്ടാണ് ഇങ്ങനെ റോഡുകൾ തകർന്നതെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ റോഡുകൾ പൂർണ്ണമായും തകർത്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; ഇങ്ങനെ തകർക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ജി) | നാളിതുവരെ മാനുവൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണ് ജൽ ജീവൻ മിഷൻ പൈപ്പുകൾ സ്ഥാപിക്കുന്നത്. മാത്രവുമല്ല റോഡിന് ആവശ്യമായ വീതി ഉള്ള സ്ഥലങ്ങളിൽ കഴിയുന്നത്ര ടാർ കട്ടിങ് ഒഴിവാക്കിയാണ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്.<br><br>റോഡ് പുനരുദ്ധാരണ പ്രവൃത്തി കളിൽ നിലവിലുള്ള മാനുവൽ നിർദ്ദേശങ്ങൾ പാലിക്കാറുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ഏജൻസികളെയും നിയോഗിച്ചിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ